## സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ, ആലപ്പുഴയുടെ ഉത്തരവ് നടപടികൾ

## സാന്നിദ്ധ്യം: ശ്രീ.ഷാജി.വി.നായർ

വിഷയം:-സംസ്ഥാന ജലഗതാഗത വകുപ്പ് - അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിയ്ക്കുന്ന ശ്രീ. അനീഷ് പി പുന്നൂസ്, ജൂനിയർ സൂപ്രണ്ടിനെതിരായ ശിക്ഷാ നടപടി - സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച്.

സൂചന:- 1.സർക്കാർ ഉത്തരവ് (എംഎസ്)നം.15/2003-ട്രാൻസ് തീയതി.28.03.2003

2.ഈ വകുപ്പിലെ ഉത്തരവ് നം.ഇ1-1443/2002 തീയതി.10.04.2003

3. ഉത്തരവ് നം. ഇ2/6501/18 തീയതി 15.01.2020

4.കത്ത് നം. ഇ2/6501/18 തീയതി 29.12.2024

5.സർക്കാർ സർക്കുലർ നം. 83/2020/ധന തീയതി 30.12.2020

6.സർക്കാർ കത്ത് നം. ഡി1/68/2025-ട്രാൻസ് തീയതി 24.05.2025

7.30.05.2025 ലെ ഇ2/6501/18 നമ്പർ കുറിപ്പ്.

8.18.07.2025 ലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോ.

9.21.08.2025 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

**ഉത്തരവ് നമ്പർ : SWTDHO/1052/2025-S1 തീയതി : 07-01-2026**

കേരള സംസ്ഥാന സർക്കാരിന്റെ സമാശ്വാസ തൊഴിൽദാന പദ്ധതിയിലൂടെ സൂചന ഒന്ന്, രണ്ട് ഉത്തരവുകൾ പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പിൽ ക്ലർക്കായി 16.04.2003-ൽ ജോലിയിൽ പ്രവേശിച്ച ശ്രീ. അനീഷ് പി പൂന്നൂസിന്, വകുപ്പിന്റെ കൊല്ലം ബില്ലിംഗ് സെക്ഷനിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ സൂചന മൂന്ന് പ്രകാരം 16.01.2020 മുതൽ 15.01.2025 വരെ കെ.എസ്.ആർ. പാർട്ട് 1 അപ്പൻഡിക്സ് 12 എ പ്രകാരം അഞ്ചുവർഷത്തേക്ക് ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവായിരുന്നു. അവധിക്കു ശേഷം 16.01.2025-ൽ ജോലിയിൽ തിരികെ പ്രവേശിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീ. അനീഷ് പി പുന്നൂസിന് സൂചന നാല് പ്രകാരം കത്തു നൽകിയിരുന്നുവെങ്കിലും ടിയാൻ അന്നേ ദിവസം ജോലിയിൽ തിരികെ പ്രവേശിയ്ക്കാത്തതിനെ തുടർന്ന് സൂചന അഞ്ചിലെ സർക്കാർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ശ്രീ അനീഷ് പി പുന്നൂസിനെതിരെ കെഎസ്ആർ പാർട്ട് I അനുബന്ധം XII-A, ചട്ടം XII-C, ചട്ടം 10 പ്രകാരം നടപടി സ്വീകരിക്കുന്നതിന് സൂചന ഏഴ് പ്രകാരം നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന എട്ട് പ്രകാരം കുറ്റാരോപണ മെമ്മോയും സൂചന ഒമ്പത് പ്രകാരം കാരണം കാണിക്കൽ നോട്ടീസും വകുപ്പിൽ നിന്നും രജിസ്റ്റേർഡായി അയക്കുകയും പ്രസ്തുത കുറ്റാരോപണ മെമ്മോയും കാരണം കാണിക്കൽ നോട്ടീസും യഥാക്രമം "Left India", "Out of India"

എന്നിങ്ങനെ രേഖപ്പെടുത്തി തപാൽ വകുപ്പ് മടക്കുകയും ചെയ്തിരുന്നു.

അവധിയുടെ കാലാവധി കഴിഞ്ഞിട്ടും അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതും, വകുപ്പിന്റെ അനുമതിയില്ലാതെ വിദേശത്തു തന്നെ തുടർന്നതും ഒരു സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ താങ്കളുടെ ഭാഗത്തു നിന്നുണ്ടായ വളരെ ഗുരുതരമായ വീഴ്ചയും അച്ചടക്കലംഘനവുമാണ്. കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII A പ്രകാരം അവധിയനുഭവിച്ച ജീവനക്കാരൻ ആയതിനു ശേഷം അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന പക്ഷം പ്രസ്തുത അനുബന്ധത്തിലെ ചട്ടം 9 പ്രകാരം ടി ഉദ്യോഗസ്ഥനെതിരെ 1960 -ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടം പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതിനു ശേഷം അവരുടെ സേവനം അവസാനിപ്പിക്കേണ്ടതാണെന്ന് സൂചന അഞ്ച് പ്രകാരം വ്യവസ്ഥയുള്ളതിനാൽ, ശ്രീ. അനീഷ് പി പുന്നൂസ്, ജൂനിയർ സുപ്രണ്ട് എന്ന താങ്കളെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന തീയതിയായ 16.01.2025 മുതൽ പ്രാബല്യത്തിൽ വരും വിധം ശിക്ഷാ നടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ് )

ഡയറക്ടർ

ടു: ശ്രീ അനീഷ് പി പുന്നൂസ്, പീടികയിൽ, കുന്നംകരി(പി.ഒ), കുട്ടനാട്, ആലപ്പുഴ,പിൻ :686102.

പകർപ്പ്:

1.സെക്രട്ടറി,ഗതാഗത (ഡി) വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

2. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

3. ഫിനാൻസ് ഓഫീസർ

4. മെക്കാനിക്കൽ എഞ്ചിനീയർ, ഡോക്ക് ആൻ്റ് റിപ്പയർ, ആലപ്പുഴ

5. സീനിയർ സൂപ്രണ്ട് - ഭരണം, ആഡിറ്റ്, എറണാകുളം, ചങ്ങനാശ്ശേരി

6. ജൂനിയർ സുപ്രണ്ട്,കൊല്ലം(ടിയാന്റെ സേവനപുസ്തകത്തിൽ പതിക്കുന്നതിന്)

7. ട്രാഫിക് സൂപ്രണ്ട് - ആലപ്പുഴ / എറണാകുളം

8. അസി. വർക്സ് മാനേജർ, തേവര ഡോക്ക് യാർഡ്

7. എല്ലാ ജൂനിയർ സൂപ്രണ്ടുമാർക്കും

8. എല്ലാ സ്റ്റേഷൻമാസ്റ്റർമാർക്കും

9. ഇ1, ഇ2, ഇ3 -സീറ്റുകൾ.

10. സി.എ. ടു ഡയറക്ടർ .

ഉത്തരവിൻപ്രകാരം

Signed by Subhamol C S
Date: 07-01-2026 14:16:44

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്